"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൊല്ലം കോർപറേഷൻ - പ്രധാന മന്ത്രി ആവാസ് യോജന (നഗരം) - QSSS കോളനി ഫ്ലാറ്റ് സമുച്ചയം പൊളിച്ച് പുതിയത് പണിയുന്നതിന് - പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ. പദ്ധതി പ്രകാരം യൂണിറ്റിന് 4 ലക്ഷം വകയിരുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.383/2021/LSGD തീയതി, തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 കൊല്ലം മുനിസിപ്പൽ കോർപറേഷൻ കൗൺസിലിന്റെ 24/07/2019 ലെ 107-ാം നമ്പർ തീരുമാനം

2 ബഹു : കൊല്ലം കോർപറേഷൻ മേയറുടെ 06/08/2020 ലെ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം കോർപറേഷനിലെ പള്ളിത്തോട്ടം ഡിവിഷനിലെ ഒരേക്കർ 35 സെന്റ് വിസ്തൃതിയുള്ള റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 35 കൊല്ലം മുൻപ് QSSS നിർമ്മിച്ച കെട്ടിട സമുച്ചയം ഇപ്പോൾ ജീർണിച്ച അവസ്ഥയിലാണെന്നും, പ്രസ്തുത കെട്ടിടത്തിൽ 114 മൽസ്യ തൊഴിലാളികളും 65 പൊതു വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും താമസിക്കുന്നുണ്ട് എന്നും, ഇപ്പോൾ പ്രസ്തുത കെട്ടിടം വാസയോഗ്യമല്ലാത്തതിനാൽ ആയതു പുനർ നിർമ്മാണം നടത്താൻ ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു എന്നും പരാമർശം 2 ലെ കത്ത് പ്രകാരം ബഹു: കൊല്ലം കോർപറേഷൻ മേയർ സർക്കാരിനെ അറിയിച്ചിരുന്നു.

2. ഇതിൽ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം ഫിഷറീസ് വകുപ്പും പൊതുവിഭാഗത്തിൽ ഉള്ള കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം കോർപറേഷനുമാണ് വഹിക്കുന്നത്. ഒരു യൂണിറ്റിന്റെ നിർമ്മാണച്ചെലവ് 10 ലക്ഷം രൂപയും, പൊതു വിഭാഗത്തിലെ ഗുണഭോക്താക്കളെ പി.എം.എ.വൈ. പദ്ധതിയിലെ 6-ാം നമ്പർ DPR ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും മുൻ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയ 61 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് 6 കോടി 10 ലക്ഷം രൂപ ആവശ്യമുണ്ടെന്നും തുക കണ്ടെത്തുന്നതിന് പി.എം.എ.വൈ. പദ്ധതി പ്രകാരം ഒരു യൂണിറ്റിന് അനുവദിക്കുന്ന 4 ലക്ഷം രൂപ ടി പദ്ധതിയിൽ വകയിരുത്തുന്നതിനും ബാക്കി വരുന്ന 6 ലക്ഷം രൂപ കോർപറേഷന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിനും ടി പദ്ധതിയുടെ നിർമ്മാണച്ചുമതല വഹിക്കുന്ന ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഏജൻസിക്കു ഫണ്ട് കൈമാറുന്നതിനും പരാമർശം 1 ലെ കൊല്ലം കോർപറേഷൻ കൌൺസിൽ തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കൊല്ലം കോർപറേഷനിലെ പള്ളിത്തോട്ടം ഡിവിഷനിലെ ഒരേക്കർ 35 സെന്റ് വിസ്തൃതിയുള്ള റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ35 കൊല്ലം മുൻപ് QSSS നിർമ്മിച്ച കെട്ടിട സമുച്ചയം ഇപ്പോൾ വാസയോഗ്യമല്ലാത്തതിനാൽ ആയതു പുനർ നിർമ്മാണം നടത്താൻ 65 പൊതു വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ രേഖകൾ ഹാജരാക്കിയ 61 ഗുണഭോക്താക്കൾ ഒഴികെ ബാക്കി വരുന്ന 4 ഗുണഭോക്താക്കൾക്ക് 40 ലക്ഷം രൂപ കൊല്ലം കോർപറേഷന്റെ വിഹിതമായി അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തി ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഏജൻസിക്കു കൈമാറുന്നതിനും, പ്രസ്തുത കെട്ടിടത്തിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ പി.എം.എ.വൈ. പദ്ധതിയിലെ 6-ാം നമ്പർ DPR ൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കിയ 61 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് 6 കോടി 10 ലക്ഷം രൂപ കണ്ടെത്തുന്നതിന് പി.എം.എ.വൈ. പദ്ധതി പ്രകാരം ഒരു യൂണിറ്റിന് അനുവദിക്കുന്ന 4 ലക്ഷം രൂപ ടി പദ്ധതിയിൽ വകയിരുത്തുന്നതിനും ബാക്കി വരുന്ന 6 ലക്ഷം രൂപ കോർപറേഷന്റെ പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിനും ടി പദ്ധതിയുടെ നിർമ്മാണച്ചുമതല വഹിക്കുന്ന ഫിഷറീസ് വകുപ്പ് നിർദ്ദേശിക്കുന്ന ഏജൻസിക്കു ഫണ്ട് കൈമാറുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
SPECIAL SECRETARY

സെക്രട്ടറി, കൊല്ലം കോർപറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ,